പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2866 | 17/10/2016 ൽ മറുപടി നല്കേണ്ടത്. |

**ഭക്ഷ്യസുരക്ഷാ നിയമമനുസരിച്ച് ലാബുകളിൽ ഭക്ഷണ പദാർത്ഥങ്ങളുടെ പരിശോധന**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. എസ്. രാജേന്ദ്രൻ** | | ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | ഭക്ഷ്യസുരക്ഷാ നിയമമനുസരിച്ച് ലാബുകളിൽ ഭക്ഷണപദാർത്ഥ ങ്ങൾ പരിശോധിക്കുവാൻ എൻ.എ. ബി.എൽ അംഗീകാരം നിർബന്ധ മാണോയെന്ന് വ്യക്തമാക്കാമോ; ഭക്ഷ്യ സുരക്ഷാ ലാബുകൾക്ക് എൻ.എ.ബി.എൽ. അംഗീകാരം ലഭ്യമാക്കുന്നതിന് എന്തു നടപടി യാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ; | എ) | ഫുഡ്സേഫ്റ്റി ആൻറ് സ്റ്റാൻഡേർഡ് ആക്ട് 2006 ന്റെ സെക്ഷൻ 43 പ്രകാരം ലബോറട്ടറികൾ എൻ.എ. ബി.എൽ അക്രഡിറ്റേഷൻ അല്ലെങ്കിൽ ഇന്ത്യാഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും ഏജൻസിയോ അക്രഡിറ്റ് ചെയ്യിരിക്കണമെന്ന് നിർബന്ധമാണ്. നിലവിൽ ഫുഡ്സേഫ്റ്റി ആൻറ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യയുടെ അംഗീകാരം സംസ്ഥാനത്തെ ലാബുകൾക്ക് ഉണ്ട്. സംസ്ഥാനത്തെ ഫുഡ്സേഫ്റ്റി ലാബുകളുടെ എൻ.എ. ബി.എൽ അക്രഡിറ്റേഷൻ പ്രക്രിയ അവസാനഘട്ടത്തിലാണ്. |
| ബി) | ഭക്ഷ്യ സുരക്ഷാ വകുപ്പിൽ ഡെപ്യൂട്ടി ഗവൺമെന്റ് അനലി സ്റ്റിന്റെ എത്ര ഒഴിവുകളുണ്ടെന്നും ഈ ഒഴിവുകൾ നികത്തുവാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടു ള്ളതെന്നും വ്യക്തമാക്കാമോ; | ബി) | മൂന്ന് ഒഴിവുകൾ,<br>നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| സി) | നിലവിൽ എത്ര മൊബൈൽ ഭക്ഷ്യ പരിശോധനാ ലാബുകളുണ്ട്; ഈ ലാബുകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ ? | സി) | ഭക്ഷ്യസുരക്ഷാകമ്മീഷണറുടെ നിയന്ത്രണത്തിൽ ഇതിനകം ഒരു മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഒരെണ്ണത്തിന്റെ പ്രവർത്തനം ഈ സാമ്പത്തികവർഷം തന്നെ ആരംഭിക്കുന്നതാണ്. പാലിന്റേയും വെള്ളത്തിന്റേയും ഗുണനിലവാരം കണ്ടുപിടിക്കുന്നതിനും, ഭക്ഷ്യവസ്തുക്കളിലെ കൃത്രിമ നിറങ്ങൾ കണ്ടുപിടിച്ച് റിസൾട്ട് അപ്പോൾതന്നെ ലഭ്യമാക്കുന്നതിനും ആദ്യഘട്ടത്തിൽ ഈ ലാബുകൾ ഉപയോഗിക്കുന്നു. |

സെക്ഷൻ ഓഫീസർ